"ഭരണഭാഷ - മാതൃഭാഷ"

നമ്പർ :ICDS/A3/38279/15

വനിത ശിശുവികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം.
ഫോൺ : 0471-2346508 ഫാക്സ് : 0471-2346534
ഇ-മെയിൽ : directorate.wcd@kerala.gov.in
തീയതി : 5..3..2020

വനിത ശിശുവികസന ഡയറക്ടർ

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ CDPO മാർക്കും

സർ,

വിഷയം : വനിത ശിശുവികസന വകുപ്പ് - ICDS - e-jeevika software -ൽ അങ്കണവാടികളെ സംബന്ധിക്കുന്ന വിവരം update ചെയ്യുന്നത് - സംബന്ധിച്ച്.

സൂചന : 2020 വർഷത്തെ PO/CDPO മാരുടെ Regima Preview Meeting -ൽ ഡയറക്ടറുടെ നിർദ്ദേശം.

വനിത ശിശുവികസന വകുപ്പിന്റെ software ആയ e-jeevika യിൽ അങ്കണവാടികളെ സംബന്ധിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ, സ്വന്തമായി ഭൂമിയുള്ള അങ്കണവാടികൾ, മുതലായവ update ചെയ്യുന്നതിന് ഈ ഓഫീസിൽ നിന്നും നിരവധി തവണ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ടി വിവരങ്ങൾ കേന്ദ്ര സംസ്ഥാന സർക്കാർ, നിയമസഭ, ലോകസഭ, രാജ്യസഭ, നിയമസഭ കമ്മിറ്റി എന്നിവിടങ്ങളിലേയ്ക്ക് മറുപടി നൽകുവാൻ വേണ്ടി ഓരോ പ്രാവശ്യവും കീഴ്ഓഫീസുകളിൽ നിന്നും വിവരം ശേഖരിക്കുന്നതിലുള്ള പ്രായോഗിക ബുദ്ധിമുട്ട് ഒഴിവാക്കുന്നതിലേയ്ക്കാണ് software -ൽ update ചെയ്യുന്നതിന് നിർദ്ദേശിച്ചിട്ടുള്ളത്.

എന്നാൽ APIP ക്ക് വേണ്ടി ശേഖരിക്കുന്ന Data, Annual Survey യുടെ data എന്നിവ പരിശോധിച്ചാൽ e-jeevika software -ൽ update ചെയ്തിട്ടുള്ള അടിസ്ഥാന വിവരങ്ങളുമായി വ്യത്യാസമുള്ളതായി കാണുവാൻ സാധിച്ചിട്ടുണ്ട്. ആയതിനാൽ അടിയന്തിരമായി ടി software -ലെ അങ്കണവാടിയുമായി ബന്ധപ്പെട്ട അടിസ്ഥാന വിവരങ്ങൾ കൃത്യതയോടെ മാർച്ച് 31 നകം update ചെയ്യുന്നതിന് സൂപ്പർവൈസർമാർക്ക് കർശന നിർദ്ദേശം

നൽകേണ്ടതാണ്. ടി വിവരങ്ങൾ അതാത് സൂപ്പർവൈസേഴ്സ് update ചെയ്തിട്ടുണ്ടെന്ന വിവരം CDPO മാർ ഉറപ്പു വരുത്തേണ്ടതും പൂർണ്ണമായും വിവരങ്ങൾ update ചെയ്തിന ശേഷം പ്രോഗ്രാം ഓഫീസർമാർ ടി വിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തി ജില്ലാതലത്തിൽ ഇവയുടെ hard copy സാക്ഷ്യപ്പെടുത്തി April 15 നകം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ്. ആയതിൽ ഒരു കാരണവശാലും കാലതാമസം വരുത്തുവാൻ പാടുള്ളതല്ല.

വിശ്വസ്തതയോടെ

വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി

NA-20